*Phone: .0471-2305631*
*Fax: +91-471-2307158*
*E-mail:regrku@gmail.com*

# UNIVERSITY OF KERALA

**Thiruvananthapuram, Kerala, India – 695034**

(Established as University of Travancore by the Travancore University Act in 1937 and reconstituted as University of Kerala by the Kerala University Act of 1957 and presently governed by the Kerala University Act of 1974 passed by the Kerala State Legislative Assembly)

**Re-accredited by NAAC with A grade**

**No Election/CU/circular (2)/2022** **തിരുവനന്തപുരം**
**07.02.2022**

## പരിപത്രം

**വിഷയം**: കേരള സർവകലാശാല യുടെ കീഴിൽ അഫിലിയേറ്റ് ചെയ്യിട്ടുള്ള കോളേജുകളിലെ യൂണിയൻ തിരഞ്ഞെടുപ്പ് -2021-22 – അധിക മാർഗ നിർദേശങ്ങൾ- സംബന്ധിച്ച്

**പരാമർശം**: തിരഞ്ഞെടുപ്പ്സംബന്ധിച്ച് 18 .01.2022ലെ **Election /CU / circular/2022** നമ്പർ പരിപത്രം

മേൽ പരാമർശ പരിപത്ര പ്രകാരം കേരള സർവകലാശാലയിൽ അഫിലിയേറ്റ്ചെയ്യിട്ടുള്ള കോളേജുകളിലെ യൂണിയൻ തിരഞ്ഞെടുപ്പ് നടത്തിപ്പുമായി ബന്ധപെട്ടു കോളേജുകളിൽ സ്വീകരിക്കേണ്ട മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത തിരഞ്ഞെടുപ്പ് ബഹു:കേരള ഹൈക്കോടതിയുടെ 24.01.2022 തീയതിയിലെ W P ( C ) 2479/2022 ഇടക്കാല ഉത്തരവ് പ്രകാരം മാറ്റിയ സാഹചര്യത്തിൽ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അധിക സുരക്ഷാനടപടികൾ തിരഞ്ഞെടുപ്പ് വേളയിൽ കൃത്യമായി പാലിക്കുവാൻ കോളേജ് പ്രിൻസിപ്പൽമാർ ശ്രദ്ധിക്കേണ്ടതാണ്.

- പ്രസ്തുത തിരഞ്ഞെടുപ്പും അനുബന്ധ നടപടികളും ബന്ധപ്പെട്ട കോളേജ് ഉൾപ്പെടുന്ന ജില്ല ഭരണാധികാരികൾ covid 19 പ്രതിരോധ മുൻകരുതലുകൾക്കും മാർഗ്ഗനിർദേശങ്ങൾക്കും അനുസരിച്ച് കോളേജ് അധികാരികൾ ക്രമപ്പെടുത്തേണ്ടതാണ്.

- Covid വ്യാപന പശ്ചാത്തലത്തിൽ കോളേജ് യൂണിയൻ തിരഞ്ഞെടുപ്പ് സമയം ആവശ്യമെങ്കിൽ പകൽ 10 മുതൽ 03:30 വരെയായി പുനഃക്രമീകരിക്കേണ്ടതാണ്.വോട്ടെണ്ണൽ 03:45ന് തുടങ്ങേണ്ടതാണ്. സാഹചര്യത്തിനനുസരിച്ചു സമയം ക്രമീകരിക്കാവുന്നതാണ്

- തിരഞ്ഞെടുപ്പ് ദിവസം വിദ്യാർത്ഥികളുടെ ക്യാമ്പസ്സിലേക്കുള്ള പ്രവേശനം Thermal scanner പരിശോധനയ്ക്ക് വിധേയമായിരിക്കണം.

- അധിക സുരക്ഷാ മുൻകരുതൽ എന്നനിലയിൽ polling ബൂത്തുകൾ ഒരുക്ലാസ്സുകളിൽ ഒന്ന് എന്ന നിലയിൽ സജ്ജീകരിക്കേണ്ടതാണ്. വോട്ട്എണ്ണലും ഇപ്രകാരം ക്രമീകരിക്കേണ്ടതാണ്.

- വോട്ടെടുപ്പ് വേളയിൽ പോളിങ്ബൂത്തിൽ വോട്ടർ,ചുമതലപെട്ടവർ എന്നിവർക്കു പുറമെ സ്ഥാനാർഥികൾക്കു മാത്രമായി പ്രവേശനം നിയന്ത്രിക്കേണ്ടതാണ്.

- വോട്ടെണ്ണൽ വേളയിൽ സ്ഥാനാർഥിക്കോ അല്ലെങ്കിൽ അധികാരപ്പെടുത്തിയ ഏജന്റിനോ പ്രവേശനം അനുവദിക്കേണ്ടതാണ് .

- വോട്ടെടുപ്പ് ദിവസം പോളിങ് ക്രമീകരിച്ചിരിക്കുന്ന ക്ലാസ്സിനുള്ളിൽ ഒരു സമയം പ്രവേശനം അനുവദിക്കാവുന്നവരുടെ പരമാവധി എണ്ണം 10 എന്ന നിലയിൽ ക്രമപ്പെടുത്തേണ്ടതാണ്. ഇതിൽ വോട്ടെടുപ്പ് നിയന്ത്രിക്കാൻ ചുമതലപെട്ടവർ,സ്ഥാനാർഥികൾ,വോട്ടർമാർ എന്നിവർ ഉൾപ്പെടുന്നു.

- പോളിങ്ബൂത്തുകളിൽ mask, sanitizer എന്നിവയുടെ ഉപയോഗം ഉറപ്പാക്കേണ്ടതാണ്

- തിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തിയ വിദ്യാർത്ഥികൾ ക്യാമ്പസ്സിൽ താങ്ങാൻ അനുവാദം ഉണ്ടായിരിക്കുന്നതല്ല,

- കോളേജ് യൂണിയൻ തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച കാരണത്താൽ കോളേജിലെ പഠനക്രമത്തിൽ യാതൊരു തരത്തിലുള്ള മുടക്കവും വരുന്നില്ല എന്ന് അധികാരികൾ ഉറപ്പാക്കേണ്ടതാണ്.

- കേരള സർവകലാശാലയുടെ കീഴിൽ അഫിലിയേറ്റ് ചെയ്യിട്ടുള്ള കോളേജുകളിലെ 2021 -22 വർഷത്തെ യൂണിയൻ തിരഞ്ഞെടുപ്പ് ബഹു കേരള ഹൈക്കോടതിയിൽ നിലവിലുള്ള WP(C)2479/2022 യുടെ തീർപ്പിനു വിധേയമായിരിക്കും.

Sd/-

Prof. (Dr) K S Anil Kumar
രജിസ്ട്രാർ